

# പട്ടം പോലെ... ...



# ഉള്ളടക്കം


*കൊന്നപ്പൂക്കൾ - 3*

*ആഷാ മേനോൻ - 4*

*നിത്യചൈതന്യയതി - 5*

*ചിത്രകല - 6*

*പഴഞ്ചൊല്ലുകൾb - 7*

*കൈകോർക്കാം നമുക്ക് - 8*

*മലയാള ചെറുകഥ - 9*

*വാനിലെ പൊൻതാരം - 10*

*അമ്മ - 11*

*പുതുമഴ - 12*

*മൊഴിമുത്തകൾ - 13*

*ഒരു ഫാക്‌ടറിയിൽ - 14*

*വിരലുകളുടെ കഥകൾ - 15*

# കൊന്നപ്പൂക്കൾ

മേടം വന്നു വിഷു വന്നു
മാനത്തൊരു കുല പൂ വന്നു
സന്ധ്യച്ചില്ലയിലയ്യയ്യാ
സ്വർണ്ണ നിറത്തിൽ കൊന്നപ്പൂവ്
കുമ്പിൾ നിറയെ പറിച്ചിട്ട്
കണ്ണിനു മുമ്പിൽ വയ്ക്കേണം
എഴുതിരി വെട്ടം നിറയുമ്പോൾ
മിഴിയിണ പൊത്തിച്ചെല്ലേണം
കണ്ണൻ പുഞ്ചിരി തൂകുമ്പോൾ
പൊൻകണി കണ്ടു കുളിർക്കേണം
മേടം വന്നു വിഷു വന്നു
മാനത്തൊരു കുല പൂ വന്നു



ഷാഹിന വി.എസ്

# ആഷമേനോൻ

1947 നവംബർ 18 ന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്ട് ജനിച്ചു. കെ. ശ്രീകുമാർ എന്നാണ് യഥാർഥ പേര്. കാവ്യാതമകമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി. പുതിയ പുരുഷാർഥങ്ങൾ, കലിയുഗാരണ്യകങ്ങൾ പരിവ്രാജകന്റെ മൊഴി, ഹെർബേറിയം, പ്രതിരോധങ്ങൾ , ജീവന്റെ കൈയൊപ്പ്, തന്മമാനസി, അടരുന്ന കക്കകൾ , കൃഷ്ണശിലയും ഹിമസരസ്സും, പയസ്വിനി, ഖാൽസയുടെ ജലസ്മൃതി, ഇലമുളച്ചികൾ എന്നിവ പ്രധാനകൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു .



# നിത്യചൈതന്യയതി

(1924-1999)

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തൻ, എഴുത്തുകാരൻ എന്നി നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശ്ശാസ്ത്രം ജീവിതത്തിൽ , യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചൽ,നളിനി എന്ന കാവ്യ ശൽപം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറ മലയാളകൃതികൾ



രചിച്ചിട്ടുണ്ട്. Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കദമി അവാർഡ് ലഭിച്ചു.

# ചിത്രകല



# പഴഞ്ചൊല്ലുകൾ

## കൃഷി ചൊല്ലുകൾ

കതിരിൽ വളം വെച്ചിട്ട് കാര്യമില്ല

അടുത്ത് നട്ടാൽ അഴക് അകത്തി നട്ടാൽ വിളവ്

ആഴത്തിൽ ഉഴുത് അകത്തി നടണം

ചേറ്റിൽ കൈകുത്തിയാൽ ചോറ്റിലും കൈകുത്താം

## ഓണച്ചൊല്ലുകൾ

അത്തം കറുത്താൽ ഓണം വെളുക്കും

ഓണത്തിനിടയിൽ പുട്ടു കച്ചവടം

ഓണം കഴിഞ്ഞാൽ ഓണപ്പുര ഓട്ടുപുര
*തിരുവോണം തിരുതകൃതി*

# കൈകോർക്കാം നമുക്ക്

ഒരുനാൾ കേരളത്തെവിഴങ്ങിയ ആ കൊടുംപ്രളയത്തെ നമുക്കൊത്തുചേർന്നു നേരിടാം. ജീവനെ താങ്ങിയെടുത്തൊരാ ധീര ജവാന്മാർക്ക് നാടിന്റെ ഒരായിരം നാടിന്റെ നന്ദി. എന്റെ കേരളമിനിയൊരു പൂവാടിയാകണം.എന്റെനാടിനിയൊരു പൂവസന്തമേൽക്കണം.

നാടിനിയൊരു പൂവസതവന്തമേൽ.

മരംവെട്ടി മണ്ണിട്ടു നികത്തി മലകളും

പച്ചപ്പേറുന്ന ആ മനോഹര ലളിത നൽ

വയലുകളും മണ്ണിട്ടു മൂടിനാം

ഇന്നിതാ മണ്ണിട്ടു മൂടിനാം.....

ഭീകരമാം പേമാരിയിൽ ഒലിച്ചുപോയി

ജീവന്റെ തേജസ്സും ജീവന്റെ തുടിപ്പുമെല്ലാം

നഷ്ടങ്ങൾ നിങ്ങുവാൻ ഇനിയും വൈകുമെങ്കലും

കഷ്ടടങ്ങൾ നീക്കുവാൻ മുന്നിട്ടിറങ്ങാം നമുക്ക്

മുന്നിട്ടിറങ്ങാം... നമുക്ക്



എൽഡ എലിസബത്ത് തോമസ്

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

# വാനിലെ പൊൻതാരം

ആകാശത്തിൽ ജാലകവാനിലെ
നക്ഷത്രത്തിൽ പൂക്കളെ
എന്നെ നോക്കി കണ്ണുചിമ്മി
നിങ്ങൾ നിൽക്കും വാനിലായ്
നാദമായ് സ്വതാളമായ്
വിണ്ണിൽ നിറയും പൂക്കളെ
ഇന്നെനിക്കായ് മിന്നി നിൽക്കും
ഒരു ചെറു ദൂതുമായ് പോയിടാമോ
പോകുകയാണേൽ നാളെ വരുമ്പോൾ
പൊൻ കവിളത്തൊരുമ്മ തരാം
പോകൂ പോകൂ വാനിൽ നിന്നും
നാളെ വരുമ്പോൾ കാണാല്ലോ..........

*അശ്വന ജോജോ*

# അമ്മ

ഒരു പിഞ്ചു കുഞ്ഞിന്റെ കൈനീണ്ടു തെരുവിലൂടൊഴുകുന്ന
സംസ്കാരബിന്ദു
അഴകുള്ളൊരാമിഴികുമ്പിളിൽക്കണ്ടു ഞാനലകടൽ
തേങ്ങുന്നതായി
ചെളികൊണ്ടുചായമടിച്ചൊരുടുപ്പിന്റെശകലങ്ങൾ
ദേഹത്തിലുണ്ട്
കരിവീട്ടിതന്നിൽ കടഞ്ഞെടുത്തുള്ളൊരു
കമനീയകാന്തിയുമുണ്ട്
ഉരുകുന്നവെയിലിനുമാമുഖകാന്തിയെ തടയുവാനായീടുന്നില്ല
വെയിൽ തള്ളുമാറുരുകുന്ന പാതത
ന്നരികത്തവന്റെ അമ്മയുണ്ട്
അരുമതൻ കാൽവെള്ളപൊള്ളുമ്പൊഴാ
നെഞ്ചിലെരിയുന്ന തീക്കനൽ കാണാം
ഇരുളിൽ ചിറകുവിരിക്കും കഴുകുകൾ
ക്കൊരുപോലെ കൊത്തിവിഴുങ്ങാൻ
തികയാത്തൊരസ്ഥികൂടത്തിൽ
*ജ്വലിക്കുന്ന മിഴികളുമായമ്മ നിൽപ്പൂ!*

# പുതുമഴ

പെയ്തിട്ടും   പെയ്തിട്ടും
മതിയാകാതെന്തേ
പേമാരിക്കരിമുകിലേ  നീ
നിന്നു   ചിണുങ്ങുന്നു
നീയെന്തേ  നാട്ടിടവഴിയിൽ
നിന്നു   പതുങ്ങുന്നു
നീയെന്തേ പുരയുടെമുകളില് താളമടിക്കുന്നു
നീ പരതിത്തെങ്ങോലകളുടെ
തൊങ്ങലുലയക്കുന്നു
നീയുതിത്തളിർ   മാവുകളുടെ
പീലി കൊഴിക്കുന്നു
നീയിനിയു  പെയ്യാൻ   നിന്നാൽ മാരിക്കരിമുകിലേ
ഞാനെങ്ങനെ   പോകും പറയു

പള്ളിക്കുടതിൻ

# മൊഴിമുത്തുകൾ

മര്യാദ ജനങ്ങൾക്ക് പരിജയമാണ്.
പ്രയാസങ്ങൾ മാറ്റപ്പെടുന്നത്  ക്ഷമകൊണ്ടാണ്.
സ്നേഹത്തിന്റെ കത്രികയാണ് കടം.
ബുദ്ധി പൂർണ്ണമായാൽ സംസാരം ചുരുങ്ങും.
അഹംഭാവമാണ് ബുദ്ധിമാന്റെ അപായം.
മറ്റുള്ളവരിൽ നിന്നും ഗുണപാഠം സിദ്ധിക്കുന്നവനാണ് വിജയി.
സമാധാനത്തിന്റെ താക്കോൽ ഉള്ളതുകൊണ്ട്
തൃപ്തിപ്പെടലാണ്.
ബുദ്ധിമാന് സൂചന മതി.
*അജ്ഞതയാണ് ജീവിച്ചിരിക്കുന്നവരുടെ മരണം.*

# ഒരു ഫാക്ടറിയിൽ

ഒരു ഫാക്ടറിയിലെ ഏറ്റവും പ്രധാനപ്പെട്ട യന്ത്രം തകരാറിലായി. അവിടെയുള്ള എജിനിയർമാർ എത ശ്രമിച്ചിട്ടും അതു ശരിയാക്കാൻ സാധിച്ചില് .അവസാനം അവർ ഒരു മെക്കാനിക്കിനെ സമീപിച്ചു. ഏതു യന്തത്തിന്റെയും എന്തു തകരാറുകളും പരിഹരിക്കുന്നതിൽ വിദഗ്ധനാണ് അദ്ദേഹം മെക്കാനിക്ക് ഫാക്ടറിയിൽ വന്നു. ഒരു ദിവസം മുഴുവൻ വിശാദമായ പരിശോധന നടത്തി. അവസാനം ഒരു ചോക്കു കൊണ്ട് യന്ത്രത്തിൽ ഒരു ഭാഗത്ത് ഒരു ഗുണനചിഹ്നം ഇട്ടു. എന്നിട്ട് പറഞ്ഞു "ഈ ഭാഗം തുറന്ന് അകത്തു കാണുന്ന ബോൾട്ടു മാറ്റി പുതിയത് ഇടണം." ഫാക്ടറിയിലെ എൻജിനിയർമാർ അപ്രകാരം ചെയ്തു.യന്ത്രം ഭംഗിയായി പ്രവർത്തിച്ചുതുടങ്ങി.

# വിരലുകളുടെ കഥ

ഒരിക്കൽ ഒരു ദിവസം
കൈയിലെ 5 വിരലുകൾ തമ്മിൽ തർക്കിച്ചു.അവരിൽ ആരാണ് പ്രധാനി എന്നായിരുന്നുതർക്കം തളളവിരൽ പറഞ്ഞു "എതും എടുക്കാനും എഴുതാനും ഞാൻ വേണം ചൂണ്ടു വിരൽ വാദിച്ചു "എതിനെയു ചൂണ്ടിക്കാണിക്കാനും 'ഒന്നാമത് ' എന്നു സൂചിപ്പിക്കാനും ഞാൻ വേണം 'നടുവിരൽ പറഞ്ഞു'നിളത്തിൽ ഞാനാണ് ഒന്നാമൻ ജന്മനാനേതാവ് അണിവിരൽ അവകാശപ്പെട്ടു വിവാഹമോതിരം അണിയുന്നത് ഞാൻ ആണ് കുടുംബത്തിന്റെ കിരീട സ്നേഹത്തിൻെ പ്രതികവും ആണ് മോതിരം ചെറുവിരൽ പറഞ്ഞു ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ് കൈ തൊഴുമ്പോഴൾ ഞാൻ ആണ് മുൻപിൽ നിൽക്കുന്ന നേതാവ് അവസാനം, കൈയുടെ ഉടമസഥൻ പറഞ്ഞു,നിങ്ങൾ എല്ലാവരു എനിക്ക് ഒരുപോലെ പ്രധാനവും പ്രിങ്കരവും ആണ് ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ് എന്നാൽ, ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കു.

# നന്ദി